നമ്പർ:സി.ജി.(2) 12024/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി: 27.04.2009

## സർക്കുലർ നമ്പർ - 16/2009

വിഷയം: സഹകരണവകുപ്പ് - കാർഷിക കടം എഴുതിതള്ളലും കടാശ്വാസവും - 2008 ലെ പദ്ധതി സംബന്ധിച്ച് കർഷകർക്കുള്ള പരാതികൾ - തിയതി ദീർഘിപ്പിച്ചുകൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. സഹകരണസംഘം രജിസ്ട്രാറുടെ 41/08 നമ്പർ സർക്കുലർ.
2. 21.4.2009 ലെ എൻ.ബി.(കേരള)/സി.പി.ഡി./655/പി.എൽ.14/2008-09 നമ്പർ നബാർഡ് ഇണ്ടാസ്.

2008 ലെ കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന(1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി സൂചന(2) ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കാർഷിക കടം എഴുതിതള്ളലും കടാശ്വാസവും 2008 ലെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ആക്ഷേപമുള്ള കർഷകർക്ക് സംഘങ്ങളിൽ/ബാങ്കുകളിൽ ചുമതലപ്പെടുത്തിയിട്ടുള്ള പരാതി പരിഹാര സെൽ ആഫീസർ മുമ്പാകെ **31.07.2009** വരെ അപേക്ഷ നൽകാവുന്നതാണ്. ടി അപേക്ഷകളിൽ ആനുകൂല്യത്തിന് അർഹതയില്ലായെന്ന് കണ്ടെത്തുന്ന അപേക്ഷകളിൽ തർക്കപരിഹാര ഉദ്യോഗസ്ഥൻ/സെൽ എടുക്കുന്ന തീരുമാനം, അപേക്ഷ നിരസിക്കാൻ ഇടയായ കാരണം വ്യക്തമായ വിശദീകരണം സഹിതം അപേക്ഷകനെ അറിയിക്കേണ്ടതാണ്. പരാതി പരിഹാര സെൽ ആഫീസർ തീർപ്പ് കൽപ്പിച്ച അപേക്ഷകളിൻമേലും വകുപ്പുതല ആഡിറ്റർ/ ഇൻസ്പെക്ടർ പരിശോധന നടത്തി കൃത്യത/അർഹത ഉറപ്പ് വരുത്തേണ്ടതാണ്.

പരാതി പരിഹാര സെൽ ഇതിനകം നിരസിച്ചിട്ടുള്ള അപേക്ഷകളിൻമേൽ സെൽ പുനഃപരിശോധന നടത്തി നിരസിക്കുന്ന അപേക്ഷകളിൻമേൽ നിരസിക്കാൻ ഇടയായ കാരണം വ്യക്തമാക്കി അപേക്ഷകന് വ്യക്തവും വിശദവുമായ മറുപടി നൽകേണ്ടതുമാണ്. പരിശോധനയിൽ അർഹത ഉണ്ടെന്ന് കാണുന്നവരുടെ പട്ടിക, സംഘം/ ബാങ്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

ടി നിർദ്ദേശം എല്ലാ സഹകരണസംഘങ്ങളുടേയും/ബാങ്കുകളുടേയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്,
കെ.വി.സുദർശൻബാബു,
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)

പകർപ്പ് :

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്ക്
2. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്., കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ/റൂറൽ ഡെവലപ്മെന്റ് ബാങ്ക്, .
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ- കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്., കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ/റൂറൽ ഡെവലപ്മെന്റ് ബാങ്ക്,
4. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും/ജോയിന്റ് രജിസ്ട്രാർ/ കൺകറന്റ് ആഡിറ്റർമാർക്കും.
5. സെക്രട്ടറി, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റർ) മാർക്ക് (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ഓഫീസർമാർ, പ്രാഥമിക കാർഷിക വികസന ബാങ്ക്. (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
8. സഹകരണവീഥി/സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)